## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് പോകുന്നവർക്ക് വെർച്ചൽ ബ്രീഫിംഗ് :

## റൂറൽ ജില്ലയിൽ 3600 പോലീസുകാർ



തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ ക്രമസമാധാന പാലനത്തിന് എറണാകുളം റൂറൽ ജില്ലയിൽ 3500 ഓളം പോലീസുദ്യോഗസ്ഥർ കർമ്മനിരതരാകും. കൂടാതെ സ്പെഷ്യൽ പോലിസ് ഓഫീസർമാരായി 632 പേരും ഉണ്ടാകും. ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലേക്ക് 430 പോലിസുകാരാണ് റൂറൽ ജില്ലയിൽ നിന്ന് തിരഞ്ഞെടുപ്പ് ജോലിക്കായി പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിയ്ക്കായി സജ്ജരാക്കുന്നതിന് ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് ഐ.പി.എസ് വെർച്ച്വൽ ബ്രീഫിംഗ് നൽകി. കോവിഡിന്റെ സാഹചര്യത്തിൽ ജില്ലാ പോലീസ് ആസ്ഥാനത്തു നിന്നും പ്രത്യേകം തയ്യാറാക്കിയ സംവിധാനം വഴിയാണ് വെർച്ചൽ ബ്രീഫിംഗ് നടത്തിയത്. പോലീസ് ഉദ്യോഗസ്ഥർക്ക് സ്റ്റേഷനുകളിലും സ്പെഷൽ യൂണിറ്റുകളിലും ക്രമീകരിച്ചിരുന്ന സ്ക്രീനിലൂടെ ജില്ലാ പോലീസ് മേധാവി നൽകുന്ന നിർദ്ദേശങ്ങൾ തൽസമയം കാണുന്നതിന് സൗകര്യം ഏർപ്പാടാക്കിയിരുന്നു.

പോലിസ് ജില്ലയെ ആറ് ഇലക്ഷൻ സബ് ഡിവിഷനുകൾ ആക്കിയാണ് തിരിച്ചിരിക്കുന്നത്. പതിനഞ്ച് ബൂത്തുകൾക്ക് ഒരു ഗ്രൂപ്പ് പട്രോളിംഗും

സ്റ്റേഷൻ അടിസ്ഥാനത്തിൽ രണ്ട് ലോ ആൻറ് ഓർഡർ പട്രോളിംഗും ഉണ്ടാകും. പട്രോളിംഗ് വാഹനങ്ങളിൽ വീഡിയോ റെക്കോഡിംഗ് യൂണിറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇലക്ഷൻ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സബ് ഡിവിഷൻ തലത്തിൽ ഇലക്ഷൻ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽ വാഹന, ആയുധ, മദ്യ, സ്ഫോടകവസ്തു പരിശോധനകൾ കൂടുതൽ കർശനമാക്കും. പോളിംഗ് ബൂത്തുകളിൽ മാസ്ക്കും, സാനിറ്റൈസറും നിർബന്ധമാണ്. സാമൂഹ്യ അകലം പാലിച്ചു മാത്രമേ വോട്ടുചെയ്യാൻ പാടുള്ളൂ എന്നും എസ്.പി കാർത്തിക് അറിയിച്ചു.